"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - പാലക്കാട് വിളയംചാത്തന്നൂർ ശബരി വി.എൽ.എൻ.എം. യു.പി. സ്കൂൾ മാനേജർ ശ്രീ.പി. മുരളീധരൻ ഫയൽ ചെയ്ത റിട്ട് ഹർജി (സിവിൽ) നം. 29287/2025 -ലെ ബഹു. ഹൈക്കോടതിയുടെ 18/08/2025 തീയതിയിലെ വിധിന്യായം പാലിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസം (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.4054/2026/GEDN** തീയതി,തിരുവനന്തപുരം, 20-06-2026

---

പരാമർശം:-

1. ശ്രീ. പി. മുരളീധരൻ, കോർപ്പറേറ്റ് മാനേജർ, വി.എൽ.എൻ.എം.യു.പി. സ്കൂൾ, വിളയംചാത്തന്നൂർ, പാലക്കാട് സമർപ്പിച്ച 30/07/2025 തീയതി പുന:പരിശോധന ഹർജി (എക്സിബിറ്റ് പി6).
2. WP (C) No. 29287/2025 -ലെ ബഹു. കേരള ഹൈക്കോടതിയുടെ 18/08/2025 തീയതിയിലെ വിധിന്യായം.
3. കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 12/01/2026 തീയതിയിലെ AEOCYL/589/2025-C നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10/02/2026 തീയതിയിലെ DGE/21/2026-RA1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ വിളയംചാത്തന്നൂർ ശബരി വി.എൽ.എൻ.എം. യു.പി. സ്കൂളിലെ 2024-25 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയം പുന:പരിശോധിക്കുന്നത് സംബന്ധിച്ച് കോർപ്പറേറ്റ് മാനേജർ ശ്രീ.പി. മുരളീധരൻ ബഹു. ഹൈക്കോടതി മുൻപാകെ സമർപ്പിച്ച റിട്ട് ഹർജി നം. 29287/2025 -ലെ പരാമർശം (2) വിധിന്യായത്തിൽ ഹർജിക്കാരൻ സർക്കാർ മുൻപാകെ സമർപ്പിച്ച പരാമർശം (1) പുന:പരിശോധന ഹർജിയിന്മേൽ കൂടിക്കാഴ്ച നടത്തി ഹർജി തീർപ്പാക്കുന്നതിന് ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം 13/03/2026 തീയതിയിൽ നടന്ന കൂടിക്കാഴ്ച്ചയിൽ ഹർജിക്കാരനായ മാനേജർ, കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ പ്രതിനിധികളുടെ വാദം കേട്ടു.

**2. എക്സിബിറ്റ് പി6 ലെ ഹർജി വിഷയം ഇപ്രകാരമാണ് :**

പാലക്കാട് ജില്ലയിലെ വിളയംചാത്തന്നൂരിലെ ശബരി വി.എൽ.എൻ.എം. അപ്പർ പ്രൈമറി സ്കൂൾ മാനേജർ പ്രസ്തുത സ്കൂളിൽ 2024-25 അധ്യയന വർഷത്തെ തസ്തിക നിർണ്ണയ

ഉത്തരവിൽ, വിദ്യാർത്ഥികളുടെ അംഗസംഖ്യ പരിഗണിച്ച് രണ്ട് അധിക ഡിവിഷനുകൾ അനുവദിക്കുന്നതിന് അർഹതയുണ്ടായിരുന്നിട്ടും, സ്കൂളിൽ രണ്ട് അധിക ഡിവിഷനുകൾ അനുവദിക്കാത്തതിനെതിരെയാണ് പുന:പരിശോധന ഹർജി സമർപ്പിച്ചിട്ടുള്ളത്. കെ.ഇ.ആർ ചട്ടങ്ങൾ പ്രകാരം സ്കൂളിൽ മതിയായ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമായിട്ടുള്ളതാണ്. എന്നാൽ, രണ്ട് ക്ലാസ് മുറികൾക്ക് മൂന്ന് സെന്റീമീറ്റർ ഉയരവ്യത്യാസം ഉണ്ടായിരുന്നു. അതനുസരിച്ച്, നിലവിലുള്ള മുറികളിൽ പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയപ്പോൾ, ക്ലാസ് മുറികൾക്ക് 3 സെന്റീമീറ്റർ ഉയരവ്യത്യാസം ഉണ്ടായി.

കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം IV പ്രീ-കെ.ഇ.ആർ. കെട്ടിടങ്ങൾക്ക് ബാധകമല്ല. പ്രീ-കെ.ഇ.ആർ. കെട്ടിടത്തിൽ ലഭ്യമായ രണ്ട് അധിക ഡിവിഷനുകൾ കൂടി കണക്കാക്കി കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് രണ്ട് ഡിവിഷനുകൾ കൂടി അനുവദിക്കാൻ കഴിയുമായിരുന്നു. 2023-24 അധ്യയന വർഷത്തിലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ടി സ്കൂളിൽ 34 ഡിവിഷനുകൾ ലഭ്യമായിരുന്നു. 2024-25 അധ്യയന വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, LID &EW വിഭാഗം മുഴുവൻ ക്ലാസ് മുറികൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയെങ്കിലും ചില ക്ലാസ് മുറികൾക്ക് 3 സെന്റീമീറ്റർ ഉയരം കുറവാണ് എന്ന് ചൂണ്ടിക്കാട്ടി, മതിയായ വിദ്യാർത്ഥികളുടെ എണ്ണം ലഭ്യമായിരുന്നിട്ടും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിൽ രണ്ട് അധിക ഡിവിഷനുകൾ അനുവദിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ, കെ.ഇ.ആർ അദ്ധ്യായം IV ലെ ചട്ടം 6 പ്രകാരം ടി സ്കൂളിലെ ക്ലാസ് മുറികളുടെ ഉയരം സംബന്ധിച്ച് പുന:പരിശോധന നടത്തി രണ്ട് ഡിവിഷനുകൾ കൂടി അനുവദിക്കുന്നതിന് കൺട്രോളിംഗ് ഓഫീസർക്ക് നിർദ്ദേശം നൽകണമെന്നതാണ് റിവിഷൻ ഹർജിയിലെ ആവശ്യം.

**3. കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ഇപ്രകാരമാണ് :**

വിളയൻചാത്തന്നൂർ ശബരി വി.എൽ.എൻ.എം. യു.പി. സ്കൂളിലെ 2024-25 വർഷത്തെ തസ്തികനിർണ്ണയ ഉത്തരവിൽ 2 അധിക ഡിവിഷന് അർഹതയുണ്ടായിട്ടും, ടി സ്കൂളിലെ Post KER കെട്ടിടങ്ങളുടെ ഉയരത്തിൽ ഉണ്ടായ വ്യത്യാസം മൂലം ആയത് അനുവദിക്കാത്തതിനെതിരെയാണ് ടി സ്കൂൾ മാനേജർ wp(c) 29287/2025 നമ്പർ കേസ് ഫയൽ ചെയ്തിരിക്കുന്നത്.

വിളയൻചാത്തന്നൂർ ശബരി വി.എൽ.എൻ.എം. യു.പി. സ്കൂൾ 1 മുതൽ 7 വരെയുള്ള എയ്ഡഡ് UP സ്കൂൾ ആണ്. ടി സ്കൂളിലെ 2024-25 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ പ്രൊപ്പോസൽ പരിശോധിച്ചതിൽ, ആറാം സാധ്യായ ദിവസം സമ്പൂർണയിലെ 1 മുതൽ 7 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികളുടെ എണ്ണം താഴെ കാണിക്കും പ്രകാരമാണ്.

| ക്ലാസ് | I | II | III | IV | V | VI | VII | Total |
|---|---|---|---|---|---|---|---|---|
| | 79 | 107 | 103 | 126 | 205 | 216 | 228 | 1064 |

UID ഉള്ള വിദ്യാർത്ഥികളുടെ എണ്ണം താഴെ കാണിക്കും പ്രകാരമാണ്.

| ക്ലാസ് | I | II | III | IV | V | VI | VII | Total |
|---|---|---|---|---|---|---|---|---|
| | 74 | 106 | 103 | 126 | 205 | 216 | 225 | 1055 |

2024-25 വർഷത്തിൽ 5,7 ക്ലാസ്സുകളിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നതിനാൽ 2 യു.പി.എസ്.റ്റി. തസ്തിക അധികം വരുന്നുണ്ട്. യു.പി.വിഭാഗത്തിൽ ഹിന്ദിക്ക് 54 പിരീഡ് വരുന്നതിനാൽ 3 ഹിന്ദി ടീച്ചർ തസ്തിക വരുന്നുണ്ട്. എന്നാൽ ടി സ്കൂളിൻറെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിശോധിച്ചത് പ്രകാരം കെ.ഇ.ആർ. ൽ നിർദ്ദേശിച്ച പ്രകാരമുള്ള അളവുകൾ ക്ലാസ്സ് മുറികൾക്ക് ഇല്ലാത്തതിനാൽ അധികമായി വരുന്ന തസ്തികകൾ അനുവദിച്ചിരുന്നില്ല. 6.00*6.00*3.65 മീറ്ററിൽ ഉള്ള Post KER ക്ലാസ്സ് മുറികളാണ് ടി സ്കൂളിൻറെ ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ കാണാൻ കഴിയുന്നത്. 2024-25 വർഷം Height exemption-നു ഉള്ള ഉത്തരവ് മാനേജർ സമർപ്പിച്ചതായും കാണുന്നില്ല. മേൽസാഹചര്യത്തിൽ ആണ് 2024-25 വർഷത്തിൽ മുൻ വർഷത്തെ പോലെ തന്നെ 34 ഡിവിഷനുകൾ തന്നെ നൽകേണ്ടി വന്നത്. PTR പ്രകാരം 36 ഡിവിഷൻ ലഭിക്കുന്നതിന് അർഹത ഉണ്ടെങ്കിലും 2 അധിക ഡിവിഷൻ അനുവദിക്കാനായി നിർദിഷ്ട അളവുകൾ ഉള്ള കെട്ടിടങ്ങൾ ഉള്ളതായി പരിശോധനയിൽ കാണാത്തതിനാൽ 2023-24 വർഷത്തെ പ്പോലെ തന്നെ 34 ഡിവിഷനുകൾ തന്നെ 2024-25 വർഷവും അനുവദിച്ചു നൽകിയിരുന്നു.

സ്റ്റാഫ് ലിസ്റ്റ് പ്രകാരം HM -1, UPST -15, LPST -9, Jr Hindi (FT)-2, Jr.Arabic (FT)-1 , Jr Sanskrit(PT)-1, Jr ഉറുദു (PT)-1, PET -1 , OA -1 എന്നിങ്ങനെ കാണുന്ന 27.05.2024ലെ അസിസ്റ്റൻ്റ് എഞ്ചിനീയർ നൽകിയ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരവും സമർപ്പിച്ച പ്ലാൻ പ്രകാരവും 60 (58 +2) ക്ളാസ്സ് റൂമുകൾ ലഭ്യമായതായി കണ്ടെത്തി. ആയതിനാൽ UID പ്രകാരവും ലഭ്യമായ accommodation അടിസ്ഥാനത്തിലും 2024-2025 വർഷം കുഴൽമന്ദം ഉപ ജില്ല വിദ്യാഭ്യാസ ഓഫീസറുടെ 17/07/2024 തിയതിയിലെ തസ്തിക നിർണ്ണയ ഉത്തരവ് ദീ. തീ. C/751447/2024 പ്രകാരം അനുവദിച്ച തസ്തികകളും ഡിവിഷനും താഴെ കാണിക്കുന്നു.

| ക്ലാസ് | I | II | III | IV | V | VI | VII | Total |
|---|---|---|---|---|---|---|---|---|
| | 74 | 106 | 103 | 126 | 205 | 216 | 225 | 1055 |

<u>2024-25 വർഷം അനുവദിച്ച ഡിവിഷൻ</u>

| ക്ലാസ് | I | II | III | IV | V | VI | VII | Total |
|---|---|---|---|---|---|---|---|---|
| | 3 | 4 | 4 | 5 | 5 | 7 | 6 | 34 |

<u>2024-25 വർഷം തസ്തിക നിർണ്ണയത്തിൽ അനുവദിച്ച തസ്തികകൾ</u>

HM -1
UPST -17
LPST -16
ജൂനിയർ ലാംഗ്വേജ് അറബിക് (L. P) ഫുൾ ടൈം -1
ജൂനിയർ ലാംഗ്വേജ് സംസ്കൃതം (U P) പാർട് ടൈം -1
ജൂനിയർ ലാംഗ്വേജ് Hindi (UP) ഫുൾ ടൈം -2

ജൂനിയർ ലാംഗ്വേജ് Urdu (U P) പാർട് ടൈം -1
PET (UP) -1
UPST (HTV) -1
OA -1

**ആകെ - 42.**

**4 . പൊതുവിദ്യാഭ്യാസ ഡയറക്ടർ, പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ, എന്നിവരുടെ റിപ്പോർട്ട് ഇപ്രകാരമാണ് :**

PTR മാനദണ്ഡം പ്രകാരം 2024-25 വർഷത്തിൽ ആകെ 36 ഡിവിഷൻ ലഭിക്കുന്നതിനുള്ള അർഹത സ്കൂളിന് ഉണ്ടായിരുന്നു. പ്രത്യേകിച്ച് V, VII ക്ലാസുകളിലെ വിദ്യാർത്ഥികളുടെ വർദ്ധനവിനെ തുടർന്ന് 2 അധിക യു.പി.എസ്.ടി. തസ്തികകൾ വരുന്നതായി കണ്ടെത്തി. കൂടാതെ, യു.പി. വിഭാഗത്തിൽ ഹിന്ദിക്ക് 54 പിരീഡ് ലഭിക്കുന്നതിനാൽ 3 ഹിന്ദി അധ്യാപക തസ്തികയ്ക്ക് അർഹത ഉണ്ടായിരുന്നു.

എന്നാൽ, കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം സ്കൂളിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ മേൽ പറഞ്ഞ അധിക ഡിവിഷനുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ കെ.ഇ.ആർ. പ്രകാരം നിർദ്ദേശിച്ച അളവുകൾ (ഉയരം ഉൾപ്പെടെ) പാലിക്കുന്ന ക്ലാസ് മുറികൾ ഇല്ലെന്ന് കണ്ടെത്തി. ക്ലാസ്സ് മുറികളുടെ ഉയരക്കുറവ് മാപ്പാക്കി ഉത്തരവാകുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ സ്കൂൾ മാനേജർ അപേക്ഷ സമർപ്പിച്ചിട്ടില്ല.

2024-25 വർഷത്തേക്കുള്ള Height Exemption ഉത്തരവ് മാനേജർ സമർപ്പിക്കാത്ത സാഹചര്യത്തിൽ നിർദ്ദിഷ്ട അളവുകൾ ഇല്ലാത്തതിനാൽ അധികമായി വരുന്ന 2 ഡിവിഷൻ അനുവദിക്കാൻ സാധ്യമല്ലെന്ന നിലപാടിലാണ് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ 2023-24 ലെ പോലെ തന്നെ 34 ഡിവിഷൻ മാത്രമായി 2024-25 വർഷത്തിലും അനുവദിച്ചത് (ഉത്തരവ് നമ്പർ C/751447/2024, തീയതി 17/07/2024).

അസിസ്റ്റന്റ് എൻജിനീയർ 27/05/2024 ന് നൽകിയ ഫിറ്റ്നസ് സർട്ടിഫിക്കറ്റും സമർപ്പിച്ച പ്ലാനും പ്രകാരം 60 (58+2) ക്ലാസ് റൂമുകൾ താഴെ പറയും വിധം ലഭ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

7.3x4.2x2.9 - 2 rooms
6x6x3.6 - 46 rooms
5.1x4.5x3.6 - 5 rooms
5.1x6.7x3.6 - 5 rooms
6x5.4x3.6 - 2 rooms

46 ക്ലാസ്സ് മുറികൾ ഉള്ള കെട്ടിടത്തിന് ഉയരം 3.6 മീറ്റർ ആണ് ഉള്ളത്. യു.പി. യിൽ ഡിവിഷനുകൾ അനുവദിക്കുന്നതിന് KER അദ്ധ്യായം IV ചട്ടം 6(1) പ്രകാരം 6m x 6m x 3.7 മീറ്റർ

ഉയരമുള്ള ക്ലാസ്സ് മുറികൾ ആവശ്യമാണ്. ഉയരക്കുറവ് മാപ്പാക്കി കിട്ടുന്നതിന് മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുമില്ല. ആയതുകൊണ്ടാണ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അധിക ഡിവിഷനുകളും തസ്തികകളും ശുപാർശ ചെയ്യാതിരുന്നത് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 18.04.2022 ലെ GO (P) 5/2022/GEDN പ്രകാരം ഹയർ ലെവൽ വെരിഫിക്കേഷനു ശേഷം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ശിപാർശ ചെയ്ത തസ്തികകൾ മാത്രമേ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ശിപാർശ ചെയ്യാൻ സാധിക്കുകയുള്ളൂ.

5. ഹർജി വിഷയം ഹിയറിംഗ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, കെ.ഇ.ആർ ചട്ടങ്ങൾ, നിലവിലെ സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കുട്ടികളുടെ ശാരീരികവും മാനസികവും വിദ്യാഭ്യാസപരവും ആയ കാര്യങ്ങൾക്ക് പ്രയാസമില്ലാത്തതും സഞ്ചാര സ്വാതന്ത്യത്തിനും ജീവവായു ലഭിക്കുന്നതിന് യാതൊരുവിധ ദൗർലഭ്യവും ഇല്ല എന്നത് കണക്കിലെടുത്തും കേവലം 10 സെ.മീ. മാത്രം ഉയരക്കുറവുള്ള 6x6x3.6 മീറ്റർ അളവുകളോട്ടു കൂടിയ 46 ക്ലാസ്സ് മുറികളുടെയും 6x6.5x3.6 മീറ്റർ അളവുകളോട്ടു കൂടിയ 02 ക്ലാസ്സ് മുറികളുടെയും 10 സെ.മീ ഉയരക്കുറവ് മുൻകാല പ്രാബല്യത്തോടെ 2024-2025 വർഷം മുതൽക്ക് ഇളവ് അനുവദിച്ചു തരണമെന്നും, 2024-2025 വർഷത്തിൽ അനുവദനീയമായിട്ടുള്ള 02 UP ക്ലാസ്സ് ഡിവിഷനുകളും അനുബന്ധ തസ്തികകളും അധികമായി അനുവദിക്കുന്നതിന് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നുമാണ് ഹർജിക്കാരനായ വിളയംചാത്തനൂർ ശബരി വി.എൽ.എൻ.എം. യു.പി. സ്കൂൾ മാനേജരുടെ ആവശ്യം. കണ്ണൂർ ജില്ലയിലെ കണ്ണൂർ നോർത്ത് ഉപജില്ലയിലെ വാരം യു.പി. സ്കൂളിലെ ക്ലാസ്സ് മുറികൾക്ക് ആവശ്യമായ വീതിയിൽ 15 സെ.മീ. കുറവുള്ളത് മുൻകാല പ്രാബല്യത്തോടെ (അതായത് 2017-18 വർഷം മുതൽക്ക്) KER പ്രകാരമുള്ള അളവുകളിൽ ഇളവ് അനുവദിച്ചുകൊണ്ട് സർക്കാർ G.O (Rt) No. 6170/2024/GEDN dated 19.09.2024 പ്രകാരം ഉത്തരവായിട്ടുള്ളത് ഹർജിക്കാരൻ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ടി കേസിൽ, വിദ്യാഭ്യാസ അധികാരികളുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ വാരം യു.പി.സ്കൂളിലെ Post KER കെട്ടിടത്തിലെ മൂന്ന് ക്ലാസ്സ് മുറികളുടെ അളവിൽ, വീതിയിൽ 15 സെ.മീ കുറവുണ്ടെങ്കിലും, ആവശ്യത്തിനു വിസ്തീർണ്ണമുള്ളതിനാലും കുട്ടികളുടെ സഞ്ചാരസ്വാതന്ത്ര്യത്തിനും പഠന കാര്യങ്ങൾക്കും ജീവവായു ലഭിക്കുന്നതിനും യാതൊരു വിധ ദൗർലഭ്യവും ഇല്ല എന്നത് കണക്കിലെടുത്തും മുൻകാല പ്രാബല്യത്തോടെ 2017-18 മുതൽ KER പ്രകാരമുള്ള അളവുകളിൽ ഇളവനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

11/11/2019 ലെ സ.ഉ. (സാധാ) നം. 4770/2019/പൊ.വി.വ ഉത്തരവ് പ്രകാരം 11.11.2019 വരെ നിർമിക്കപ്പെട്ട കെട്ടിടങ്ങൾക്ക് നിശ്ചിത ഉയരത്തിൽ ഇളവ് അനുവദിക്കുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അധികാരം നൽകിയിട്ടുണ്ട്. തുടർന്ന്, പ്രസ്തുത ഉത്തരവ് തീയതിക്കു ശേഷം (അതായത് 11.11.2019-നു ശേഷം) നിർമ്മാണം പൂർത്തിയായതും, ഉയരക്കുറവ് ക്ലാസ്സുകളുടെ പ്രവർത്തനത്തെ ബാധിക്കാത്തതും, ഉയരം സംബന്ധിച്ച ചട്ടങ്ങളിൽ വലിയ വ്യതിയാനം സംഭവിക്കാത്തതുമായ സ്കൂൾ കെട്ടിടങ്ങൾക്ക് 2022-23 വർഷം കൂടി ഇളവ് അനുവദിച്ച് നൽകാൻ അതത് വിദ്യാഭ്യാസ ഉപഡയറക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 16/11/22-ലെ സ.ഉ. (സാധാ) നം. 6844/2022/പൊ.വി.വ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവുകൾ പ്രകാരം

മാനേജർ Height Exemption ന് ഉള്ള അപേക്ഷ ഡി.ഡി.ഇ.ക്ക് നൽകേണ്ടതാണ്.

വിളയൻചാത്തന്നൂർ ശബരി വി.എൽ.എൻ.എം. യു.പി. സ്കൂളിലെ ക്ലാസ് മുറികൾക്ക് ഉയരവ്യത്യാസം സംഭവിച്ചത് കെട്ടിടത്തിന്റെ ഫ്ലോർ അറ്റകുറ്റപണിയെത്തുടർന്നാണ് എന്ന മാനേജറുടെ വാദം പരിഗണനാർഹമാണ്. എന്നാൽ,11/11/2019 -ലെ സ.ഉ. (സാധാ) നം. 4770/2019/പൊ.വി.വ ഉത്തരവ്, 16/11/22-ലെ സ.ഉ. (സാധാ) നം. 6844/2022/പൊ.വി.വ ഉത്തരവ് എന്നിവ പ്രകാരം അതു വരെ നിർമിക്കപ്പെട്ട കെട്ടിടങ്ങൾക്ക് കെ.ഇ.ആർ പ്രകാരമുള്ള നിശ്ചിത ഉയരത്തിൽ ഇളവ് അനുവദിക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ആണ്.

6. മേൽസാഹചര്യത്തിൽ, വിളയൻചാത്തന്നൂർ ശബരി വി.എൽ.എൻ.എം. യു.പി. സ്കൂളിലെ ക്ലാസ് മുറികളുടെ ഉയരക്കുറവ് മാപ്പാക്കി ലഭിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിർദ്ദിഷ്ട അപേക്ഷ സമർപ്പിക്കുന്നതിന് കോർപ്പറേറ്റ് മാനേജർക്ക് നിർദ്ദേശം നൽകിയും, ആയതിൽ തീരുമാനമാകുന്ന മുറയ്ക്ക് വിളയംചാത്തന്നൂർ ശബരി വി.എൽ.എൻ.എം.യു.പി. സ്കൂളിലെ 2024-25 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയം പുന:പരിശോധിക്കുന്നതിന് കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയും പരാമർശം (1) ഹർജി തീർപ്പാക്കി, അപ്രകാരം പാലക്കാട് വിളയംചാത്തന്നൂരിലെ ശബരി വി.എൽ.എൻ.എം. അപ്പർ പ്രൈമറി സ്കൂൾ മാനേജർ ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത റിട്ട് ഹർജി (സിവിൽ) നം. 29287/2025 -ലെ പരാമർശം (2) വിധിന്യായം നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം - 695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട് - 678 001.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുഴൽമന്ദം, പാലക്കാട് - 678 702.
മാനേജർ, ശബരി വി.എൽ.എൻ.എം. അപ്പർ പ്രൈമറി സ്കൂൾ, വിളയംചാത്തന്നൂർ, പാലക്കാട് - 678 002.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ (GEDN-B3/280/2025-G.EDN).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**Signed by Ragasmitha V M**
**Date: 22-06-2026 17:04:44**